# ജപ്പാൻ പ്രധാനമന്ത്രിയുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

സെപ്റ്റംബർ 09, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 സെപ്റ്റംബർ 9 ന് ന്യൂഡൽഹിയിൽ നടക്കുന്ന ജി-20 ഉച്ചകോടിയുടെ ഭാഗമായി ജപ്പാൻ പ്രധാനമന്ത്രി ഹിസ് എക്സലൻസി മിസ്റ്റർ ഫ്യൂമിയോ കിഷിദയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

2. യോഗത്തിൽ, ഇരു രാജ്യങ്ങളും തങ്ങളുടെ ജി-20, ജി-7 പ്രസിഡൻസികൾക്കുള്ള മുൻഗണനകളെക്കുറിച്ച്, പ്രത്യേകിച്ച് ഗ്ലോബൽ സൗത്തിന്റെ ആശങ്കകളും അഭിലാഷങ്ങളും മുന്നിൽ കൊണ്ടുവരുന്നതിൽ, വർഷം മുഴുവനും നടത്തുന്ന ക്രിയാത്മക സംഭാഷണം നേതാക്കൾ അംഗീകരിച്ചു.

3. അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക സഹകരണം, നിക്ഷേപം, ഊർജം എന്നിവ ഉൾപ്പെടെ ഇന്ത്യ-ജപ്പാൻ ഉഭയകക്ഷി പങ്കാളിത്തത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് നേതാക്കൾ ചർച്ച നടത്തി.

4. ഇന്ത്യ-ജപ്പാൻ പ്രത്യേക സ്ട്രാറ്റജിക് ആൻഡ് ഗ്ലോബൽ പാർട്ണർഷിപ്പ് കൂടുതൽ ആഴത്തിലാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധത ഇരു നേതാക്കളും വീണ്ടും ഉറപ്പിച്ചു.

**ന്യൂ ഡെൽഹി**
**സെപ്റ്റംബർ 09, 2023**